# പതിനഞ്ചാം കേരള നിയമസഭ

ഒന്നാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2021 ജൂൺ 7, തിങ്കൾ

നിയമസഭ രാവിലെ 9.00-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(ബ്രാക്കറ്റിൽ കൊടുത്തിരിക്കുന്ന നമ്പർ ഈ സമ്മേളനത്തിൽ അനുവദിച്ച ചോദ്യങ്ങളുടെ നമ്പറിനെ സൂചിപ്പിക്കുന്നു.)

(നക്ഷത്രചിഹ്നമിട്ട മൂന്നാം നമ്പർ ചോദ്യം ചട്ടവിരുദ്ധവും പ്രതിപക്ഷത്തെ അപമാനിക്കുന്ന തരത്തിലുള്ളതുമായതിനാൽ അനുവദിക്കാൻ പാടില്ലെന്ന പ്രതിപക്ഷ നേതാവിന്റെ ക്രമപ്രശ്നം പരിശോധിക്കാമെന്ന് ബഹുമാനപ്പെട്ട സ്പീക്കർ അറിയിച്ചു.)

### 1 (*1) കൺസ്യൂമർ ഫെഡ് വഴി നടപ്പാക്കുന്ന പദ്ധതികൾ

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ) നൽകിയ മറുപടിയിൽ, സപ്ലൈകോ, കൺസ്യൂമർഫെഡ് എന്നിവ മുഖേന നടപ്പാക്കുന്ന വിവിധ പദ്ധതികളിലൂടെ സംസ്ഥാനത്ത് വിലക്കയറ്റം നിയന്ത്രിക്കാനായിട്ടുണ്ടെന്നും പതിമൂന്നിനം സബ്സിഡി സാധനങ്ങൾ

ഉൾപ്പെടെ അവശ്യ ഭക്ഷ്യധാന്യങ്ങൾ പൊതു വിപണിയേക്കാൾ വിലക്കുറവിൽ പൊതു ജനങ്ങൾക്ക് ലഭ്യമാക്കി വരുന്നതായും സബ്സിഡി സാധനങ്ങൾ യഥാർത്ഥ ഗുണഭോക്താവിന് തന്നെ ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതായും സഭയെ അറിയിച്ചു. പ്രൈസ് മോണിറ്ററിംഗ് സെൽ രൂപീകരിച്ചും ഉത്സവകാല ഫെയറുകൾ, മാർക്കറ്റുകൾ എന്നിവ സംഘടിപ്പിച്ചും വിലക്കയറ്റം നിയന്ത്രിക്കുന്നതിന് പുറമേ കോവിഡിന്റെ പശ്ചാത്തലത്തിൽ പൊതുവിപണിയിലുണ്ടായ വിലവർദ്ധനവും പൂഴ്ത്തിവയ്പും തടയുന്നതിനായി വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ ജില്ലാതലത്തിൽ സംയുക്ത സ്ക്വാഡ് റെയ്ഡുകളും പരിശോധനകളും നടത്തിവരുന്നുണ്ട്; കൂടാതെ ഹോം ഡെലിവറി നടത്തുന്നതിനും ഹോം ക്വാറന്റൈനിലുള്ളവർക്ക് അവശ്യസാധനങ്ങളും മരുന്നുകളും വീടുകളിൽ എത്തിച്ചുനൽകുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. മറ്റ് സംസ്ഥാനങ്ങളിൽനിന്നും ഭക്ഷ്യ ധാന്യങ്ങളെത്തിച്ച് അവശ്യ സാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിന് സപ്ലൈ ചെയിൻ മാനേജ്മെന്റ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കൂടുതൽ വിൽപ്പനശാലകൾ ആരംഭിക്കുന്നതിനും നിലവിലുള്ളവ നവീകരിക്കുന്നതിനുമുള്ള തുക അനുവദിച്ചിട്ടുണ്ട്. ആദിവാസി ഊരുകളിൽ റേഷൻ സാധനങ്ങൾ നേരിട്ട് എത്തിക്കുമെന്നും കാർഷികോൽപ്പന്നങ്ങൾ സംഭരിച്ച് ന്യായവിലയ്ക്ക്

ലഭ്യമാക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കുമെന്നും ബി.പി.എൽ പട്ടികയിൽ നിന്ന് അനർഹരെ ഒഴിവാക്കുന്നതാണെന്നും റേഷൻ കടകളുടെ പ്രവർത്തന സമയം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുന്നതാണെന്നും സ്കൂൾ കുട്ടികൾക്കുള്ള അരി വിതരണം കൃത്യമായി നടക്കുന്നുണ്ടെന്നും സൗജന്യ ഭക്ഷ്യധാന്യ കിറ്റ് വിതരണം സംസ്ഥാന സർക്കാരിന്റെ ചുമതലയിലാണ് നടത്തുന്നതെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

2 (*2) **കോവിഡ് രോഗവ്യാപന പ്രത്യാഘാതം കുറയ്ക്കുന്നതിനുള്ള പദ്ധതികൾ**

ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്) നൽകിയ മറുപടിയിൽ, ടെസ്റ്റിംഗ്, ട്രാക്കിംഗ്, ട്രീറ്റ്മെന്റ് എന്നിവ ശക്തിപ്പെടുത്തിയും കോവിഡ് ആശുപത്രികളിലെയും സി.എഫ്.എൽ.റ്റി.സി-കളിലെയും സൗകര്യങ്ങൾ വർദ്ധിപ്പിച്ചും വാക്സിനേഷൻ ഊർജ്ജിതമാക്കിയും കോവിഡ് വ്യാപനത്തിന്റെ പ്രത്യാഘാതങ്ങൾ കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായി സഭയെ അറിയിച്ചു. ഓക്സിജൻ ഓഡിറ്റ് സംവിധാനം ഏർപ്പെടുത്തുന്നതിനും ജില്ലാ സംസ്ഥാനതലങ്ങളിൽ ഓക്സിജൻ വാർ റൂമുകൾ വഴി പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും

ചികിത്സയ്ക്കാവശ്യമായ മരുന്നുകളും ആശുപത്രി ഉപകരണങ്ങളും കെ.എം.എസ്.സി.എൽ മുഖേന ലഭ്യമാക്കാനും മ്യൂക്കർമൈക്കോസിസ് ചികിത്സയ്ക്കായി കൂടുതൽ മരുന്നുകളും സൗകര്യങ്ങളും ലഭ്യമാക്കാനും 50 ശതമാനം ബെഡ്ഡുകൾ സ്വകാര്യ ആശുപത്രികളിലുൾപ്പെടെ മാറ്റിവയ്ക്കാനും നടപടി സ്വീകരിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളുടെ സഹകരണത്തോടെ ജനങ്ങൾക്ക് ആരോഗ്യ-ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തി അവ വിലയിരുത്തുന്നുണ്ടെന്നും പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾ സജ്ജമാക്കിയിട്ടുണ്ടെന്നും അറിയിച്ചു. സാർവത്രികമായും സൗജന്യമായും വാക്സിൻ നൽകണമെന്നതാണ് സംസ്ഥാന സർക്കാരിന്റെ നയമെന്നും 1,02,53,198 പേർക്ക് ഇതിനോടകം വാക്സിൻ ലഭ്യമാക്കിയതായും ഓൺലൈൻ രജിസ്ട്രേഷൻ സംവിധാനത്തിലൂടെ പരമാവധി അടുത്ത കേന്ദ്രങ്ങളിൽ വാക്സിൻ ലഭ്യമാക്കുന്നതിനുള്ള ഇടപെടൽ നടത്തുന്നതാണെന്നും കിടപ്പുരോഗികൾക്ക് വീട്ടിലെത്തി വാക്സിൻ നൽകുന്നതാണെന്നും മന്ത്രി വ്യക്തമാക്കി. യാത്രാരേഖകളുള്ള പ്രവാസികൾക്ക് സ്പോട്ട് രജിസ്ട്രേഷൻ അനുവദിച്ചിട്ടുണ്ട്. കിഫ്ബിയുടെ സഹായത്തോടെ കാസർഗോഡ് ജില്ലയിൽ ആരോഗ്യമേഖലയെ സ്വയംപര്യാപ്തമാക്കുമെന്നും കോവിഡിന്റെ മൂന്നാം തരംഗം നേരിടുന്നതിനുള്ള പ്രവർത്തനങ്ങൾ ഇപ്പോൾത്തന്നെ ആരംഭിച്ചിട്ടുണ്ടെന്നും

കോവിഡിതരരോഗങ്ങൾക്ക് മതിയായ ചികിത്സ ഉറപ്പാക്കിയിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട മൂന്നാം നമ്പർ ചോദ്യം ഒഴിവാക്കണമെന്ന ആവശ്യം നിരാകരിച്ചതിനെത്തുടർന്ന് പ്രതിപക്ഷമൊന്നടങ്കം ചോദ്യോത്തരവേള ബഹിഷ്കരിച്ചു.)

3 (*3) **പ്രതിസന്ധിഘട്ടത്തിൽ നടപ്പിലാക്കിയ ക്ഷേമപ്രവർത്തനങ്ങൾ**

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) നൽകിയ മറുപടിയിൽ, സംസ്ഥാനത്തുണ്ടായ പ്രകൃതിദുരന്തങ്ങളെയും പകർച്ചവ്യാധികളെയും സർക്കാരിന് അതിജീവിക്കാൻ സാധിച്ചതായും ഈ കാലയളവിൽ സമ്പദ്ഘടനയുടെ വളർച്ചയിലുണ്ടായ കുറവ് ഒരു പരിധിവരെ പിടിച്ചുനിർത്താനായിട്ടുണ്ടെന്നും സഭയെ അറിയിച്ചു. 18 വയസിന് മുകളിലുള്ളവർക്ക് കോവിഡ് വാക്സിൻ സൗജന്യമായി നൽകാൻ 1000 കോടി രൂപ നീക്കിവയ്ക്കുകയും കോവിഡിന്റെ പ്രത്യാഘാതങ്ങൾ ലഘൂകരിക്കുന്നതിനായി 20,000 കോടി രൂപയുടെ രണ്ടാം കോവിഡ് പാക്കേജ് പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. ദാരിദ്ര്യനിർമ്മാർജ്ജനത്തിനായി 10 കോടി രൂപ വകയിരുത്തുകയും 12 കോടി തൊഴിൽദിനങ്ങൾ സൃഷ്ടിക്കാൻ ലക്ഷ്യമിടുകയും ചെയ്യുന്നുണ്ട്. കോവിഡിന്റെ രണ്ടാം തരംഗത്തെത്തുടർന്ന് സാർവ്വത്രിക ഭക്ഷ്യകിറ്റുകളുടെ വിതരണം

തുടരുന്നതിനും മറ്റാനുകൂല്യങ്ങൾ ലഭിക്കാത്ത ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് സഹായം നൽകുന്നതിനും ഐ.ടി, സ്റ്റാർട്ടപ്പ് മേഖലയുടെ വളർച്ചയ്ക്ക് പ്രത്യേകം ഊന്നൽ നൽകുന്നതിനും അഭ്യസ്തവിദ്യർക്ക് കെ-ഡിസ്ക് മുഖേന തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. കോവിഡ്-19 ബാധിച്ച് മാതാപിതാക്കൾ മരണപ്പെട്ട കുട്ടികൾക്ക് സഹായമെത്തിക്കുമെന്നും കോവിഡിന്റെ മൂന്നാം തരംഗത്തെ പ്രതിരോധിക്കുന്നതിന് ആരോഗ്യസംവിധാനങ്ങൾ മെച്ചപ്പെടുത്തുമെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. കൊച്ചി-പാലക്കാട് വ്യവസായ ഇടനാഴി വേഗത്തിൽ പൂർത്തീകരിക്കുന്നതിനും വൻകിട പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണെന്ന് ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി അറിയിച്ചു.